## അനുബന്ധം I

## ചോദ്യം നമ്പർ (*91)-ന്റെ 'എ' പിരിവിന്റെയും 'ബി' പിരിവിന്റെയും 'സി' പിരിവിന്റെയും തുടർച്ച

(എ) സംസ്ഥാനത്തെ സമ്പൂർണ്ണ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര കേന്ദ്രമാക്കുന്നതിനു വേണ്ടിയുള്ള പദ്ധതി വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. ടൂറിസം വകുപ്പ് ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേനയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഉദ്ഘാടനം പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി നിർവ്വഹിച്ചു. പദ്ധതിയുടെ ഭാഗമായി ഓൺലൈൻ പരിശീലനങ്ങൾ നടന്നുവരുന്നു.

(ബി) വുമൺ സോളോ ട്രാവലർ (ഏകാന്ത സ്ത്രീ വിനോദ സഞ്ചാരികൾ) ഉൾപ്പെടെയുള്ള സ്ത്രീ സഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പു വരുത്തുന്നതിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ സജ്ജമാക്കുന്നുണ്ട്. ടൂറിസം ഡെസ്റ്റിനേഷനുകളിൽ സ്ത്രീകൾക്കാവശ്യമായ വൃത്തിയുള്ളതും മികച്ചതുമായ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും സുരക്ഷാ മാർഗ്ഗങ്ങളുമാണ് നടപ്പിലാക്കേണ്ടതെന്നുള്ള പഠനം സമ്പൂർണ്ണ സ്ത്രീ സൗഹൃദ വിനോദസഞ്ചാര പദ്ധതിയുടെ ഭാഗമായി നടത്താൻ തീരുമാനിക്കുന്നുണ്ട്. ഇതിനെ അടിസ്ഥാനപ്പെടുത്തി വിപുലമായ സംവിധാനങ്ങൾ ഒരുക്കും.

പൊതുവേ സ്ത്രീ സഞ്ചാരികൾക്ക് സുരക്ഷിതമായ ഒരു ലക്ഷ്യസ്ഥാനമാണ് കേരളം. പുതിയ പദ്ധതിയിലൂടെ വനിതാ യൂണിറ്റുകളുടെ ഒരു ശൃംഖല സൃഷ്ടിക്കാനും സ്ത്രീകളെ അടിസ്ഥാനമാക്കിയുള്ള ടൂറിസം കേന്ദ്രങ്ങൾ സൃഷ്ടിക്കാനും ആർ.ടി. മിഷൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയിലൂടെ കൂടുതൽ സ്ത്രീ സഞ്ചാരികളെ പ്രോത്സാഹിപ്പിക്കുന്നതിന് സുരക്ഷിതവും ശുചിത്വവുമുള്ള സ്ഥലങ്ങൾ ആർ.ടി. മിഷൻ ഉറപ്പാക്കുന്നു. ഉത്തരവാദിത്ത ടൂറിസം മിഷന്റെ സ്ത്രീ സൗഹൃദ ടൂറിസം പദ്ധതിയിലൂടെ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളിൽ സ്ത്രീ സഞ്ചാരികളുടെ ആവശ്യങ്ങൾ നിറവേറ്റുവാനാണ് വകുപ്പ് ലക്ഷ്യമിടുന്നത്. ഒരു സ്ത്രീ സൗഹൃദ ടൂറിസം നെറ്റ് വർക്ക് രൂപീകരിക്കുകയും അതുവഴി സുരക്ഷിത ടൂറിസം ഉറപ്പാക്കാനും ആലോചിക്കുന്നു.

വിനോദസഞ്ചാരമേഖലയിൽ സഞ്ചാരികൾ ഉൾപ്പെടെയുള്ള സ്ത്രീകളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് വേണ്ടി ടൂറിസം വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. മാത്രവുമല്ല, പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്.

കേരളത്തിലെ 14 ജില്ലകളിലായി 184 ടൂറിസം പോലീസുകാരെ നിയോഗിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം പോലീസിന്റെ എണ്ണം കൂട്ടുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ടൂറിസം കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി സർക്കാർ നടപ്പിലാക്കി വരുന്നു. ഇപ്പോൾ തിരുവനന്തപുരം ജില്ലയിലെ കോവളം, വേളി, കനകക്കുന്ന് എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്.

വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനായി നിലവിലുള്ള പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി ലോകോത്തര നിലവാരത്തിലുള്ള ടോയ്‌ലെറ്റ് ബ്ലോക്കുകളുടെ നിർമ്മാണം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതു പ്രകാരം 5 കേന്ദ്രങ്ങളിൽ ഈ പദ്ധതി പൂർത്തീകരണ ഘട്ടത്തിലാണ്.

(സി) സ്ത്രീ യാത്രികരും സ്ത്രീ സംരംഭകരുമായ ഒന്നര ലക്ഷം സ്ത്രീകളെ ഉൾപ്പെടുത്തി ഒരു വിപുലമായ സ്ത്രീ സൗഹാർദ്ദ വിനോദസഞ്ചാര ശൃംഖല രൂപപ്പെടുത്തുന്നതിനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഈ പദ്ധതി ഉത്തരവാദിത്ത ടൂറിസം മിഷനാണ് നടപ്പിലാക്കുന്നത്. ആയിരത്തോളം സ്ത്രീകൾ ഇതിനോടകം തന്നെ ഈ പദ്ധതിയിൽ രജിസ്റ്റർ ചെയ്തു കഴിഞ്ഞു.

400 പേർക്കുള്ള ഓൺലൈൻ പരിശീലനം പൂർത്തിയായി. കേരളത്തിലെ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും ഈ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുവാനും, പടിപടിയായി കേരളത്തെ മുഴുവനായും ഒരു സ്ത്രീ സൗഹാർദ്ദ വിനോദ സഞ്ചാര കേന്ദ്രമാക്കി മാറ്റുവാനുമാണ് ഇതു വഴി ലക്ഷ്യമാക്കുന്നത്.